**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 553** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ നടപടിയുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റാനുള്ള അവസരം വ്യാപകമായി ദുരുപയോഗം ചെയ്ത് പാടങ്ങൾ നികത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിലെ വകുപ്പ് 27(എ) പ്രകാരമാണ് ഭൂമിയുടെ തരം മാറ്റം അനുവദിച്ച് ഉത്തരവ് നൽകുന്നത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലമായി തുടരുന്നതും, പ്രസ്തുത നിയമം നിലവിൽ വന്ന 2008-ന് മുമ്പ് നികന്നതോ നികത്തപ്പെട്ടതോ ആയതുമായ ഭൂമി മാത്രമാണ് ഇത്തരത്തിൽ തരം മാറ്റി നൽകുന്നത്. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കിയും സംശയമുള്ള കേസുകളിൽ സ്ഥല പരിശോധന നടത്തിയും കെ.എസ്.ആർ.ഇ.സി-യുടെ റിപ്പോർട്ട് ലഭ്യമാക്കിയും, 2008 -ന് മുമ്പ് നികത്തപ്പെട്ട ഭൂമിയാണെന്നും ടി ഭൂമി തരം മാറ്റുന്നത് സമീപ കൃഷി ഭൂമിയെ പ്രതികൂലമായി ബാധിക്കില്ലെന്ന് ഉറപ്പാക്കിയുമാണ് റവന്യൂ ഡിവിഷണൽ ഓഫീസർ തരംമാറ്റം അനുവദിക്കുന്നത്. എന്നാൽ, നിയമത്തിലെയും ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ കർശനമായി പാലിച്ച് അനുവദിക്കുന്ന ഭൂമി തരം മാറ്റാനുള്ള അവസരത്തെ, ദുരുപയോഗം ചെയ്ത്, പാടങ്ങൾ നികത്തുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്ന് മുതൽക്കും ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ, ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു |

| | | | |
|---|---|---|---|
| | | | പ്രവർത്തിയും ചെയ്യാൻ പാട്ടുള്ളതല്ലെന്ന് നിയമത്തിൽ കർശന വ്യവസ്ഥയുള്ളതാണ്. ആയതിനാൽ, നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ ചെയ്യുന്ന യാതൊരു പ്രവൃത്തിയും അനുവദനീയമല്ലാത്തതും അപ്രകാരം ചെയ്യുന്ന അനധികൃത പരിവർത്തനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ/ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| (ബി) | ഇപ്രകാരം നികത്തിയ വയലുകൾ പഴയപടി ആക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 3 ന്റെ ലംഘനം ശ്രദ്ധയിൽപെട്ടാൽ കക്ഷികളെ നേരിൽ കേട്ടതിന് ശേഷം നിയമത്തിന്റെ വകുപ്പ് 13 പ്രകാരം നിലം പൂർവ്വ സ്ഥിതിയിലാക്കാൻ ഉത്തരവ് നൽകുന്നു. അനധികൃത തരം മാറ്റത്തിനുപയോഗിക്കുന്ന വാഹനങ്ങൾ കണ്ട് കെട്ടുകയോ വാഹന വിലയുടെ ഒന്നര മടങ്ങ് പിഴയീടാക്കുകയോ ചെയ്ത് വരുന്നു. അനധികൃത തരം മാറ്റങ്ങൾ തടയുന്നതിനായി താലൂക്ക്/ജില്ലാ തലങ്ങളിൽ അവധി ദിവസങ്ങളുൾപ്പെടെ സ്ക്വാഡുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. വകുപ്പ് 13 പ്രകാരം നിലം പൂർവ്വ സ്ഥിതിയിലാക്കാൻ ഉത്തരവ് നൽകിയ കേസുകളിൽ സ്ഥലമുടമസ്ഥർ തന്നെ ഭൂമിയെ പൂർവ്വ സ്ഥിതിയിലാക്കാറുണ്ട്.<br><br>സ്ഥലമുടമ നിലം പൂർവ്വ സ്ഥിതിയിലാക്കാത്ത കേസുകളിൽ ഉത്തരവ് നടപ്പാക്കുന്നതിനാവശ്യമായി, 2 കോടി രൂപ റിവോൾവിങ്ങ് ഫണ്ടായി ഇത്തവണത്തെ (2024-25) ബജറ്റിൽ അനുവദിച്ചിട്ടുള്ളതാണ്. അനധികൃതമായി നികത്തിയ ഭൂമി പൂർവ്വസ്ഥിതി യിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തന്നെ മണ്ണ് മാറ്റി പൂർവ്വസ്ഥിതിയിലാക്കുകയും പിന്നീട് ആരാണ് ഭൂമി നികത്തിയത് അവരിൽ നിന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ ആ തുക തിരിച്ചു പിടിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.<br><br>മേൽ പ്രകാരം റവന്യൂ റിക്കവറി നടപടികളിലൂടെ തുക തിരിച്ചു പിടിക്കുന്നതിനും, കൂടാതെ 2 കോടി രൂപ സംബന്ധിച്ച ശിപാർശ അടിയന്തരമായി സമർപ്പിക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. കൂടാതെ, ഇപ്രകാരം അനധികൃതമായി നികത്താൻ ഉപയോഗിച്ച മണ്ണ് മാറ്റുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഒരു ശിപാർശ സമർപ്പിക്കുവാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

| | | | |
|---|---|---|---|
| (സി) | പഴയപടി ആക്കേണ്ട നെൽവയൽ, തണ്ണീർ തടങ്ങൾ എന്നിവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (സി) | പൂർവ്വസ്ഥിയിലാക്കേണ്ട നിലങ്ങൾ സംബന്ധിച്ച് ശേഖരിച്ചിട്ടുള്ള വിവരം (ജില്ലാ അടിസ്ഥാനത്തിൽ) അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>25-06-2024-ന് ഉച്ചയ്ക്ക് 12.00 മണിക്ക് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന 'റവന്യൂ സെക്രട്ടേറിയറ്റ്' 106-ാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്.</u>**

ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 'റവന്യൂ സെക്രട്ടേറിയറ്റ്' 106-ാമത് യോഗത്തിൽ പങ്കെടുത്തവർ:

1. ശ്രീമതി.ടിങ്കു ബിസ്വാൾ ഐ.എ.എസ്.,പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
2. ഡോ.എ.കൗശിഗൻ ഐ.എ.എസ്., കമ്മീഷണർ, ലാൻഡ് റവന്യൂ
3. ശ്രീ.സീറാം സാംബശിവ റാവു ഐ.എ.എസ്., ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്
4. ശ്രീമതി.ഗീത.എ.ഐ.എ.എസ്, സെക്രട്ടറി, ലാൻഡ് ബോർഡ് & എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.എൽ.ഡി.എം.
5. ഡോ.ഫെബി വർഗീസ്, ഡയറക്ടർ, സംസ്ഥാന നിർമ്മിതി കേന്ദ്രം

യോഗം 12.25 PM-ന് ആരംഭിച്ചു. മുൻ യോഗങ്ങളുടെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്ന വിഷയങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ പുരോഗതി യോഗം വിലയിരുത്തുകയും അജണ്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

**<u>I) 105-ാമത് സെക്രട്ടേറിയറ്റ് തീരുമാനങ്ങളുടെ അവലോകനം</u>**

- സർക്കാർ ഭൂമിയിലെ പാറഖനനത്തിന് ജില്ലാ കളക്ടർമാർ NOC അനുവദിക്കാത്തത് സംബന്ധിച്ച് ജില്ലകളിൽ നിന്ന് വിവരശേഖരണം നടത്തണമെന്നും, പ്രസ്തുത വിവരങ്ങൾ റവന്യൂ വകുപ്പ് സെക്രട്ടറി പരിശോധിക്കണമെന്നും ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം സെക്രട്ടറി തലത്തിൽ ചേരണമെന്നും ബഹു.മന്ത്രി നിർദ്ദേശിച്ചു. കൂടാതെ, ഇത് സംബന്ധിച്ച 28/01/2021 തീയതിയിലെ GO(Ms)No.28/2021/റവ നമ്പർ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശയും അടുത്ത സെക്രട്ടേറിയറ്റ് യോഗത്തിൽ സമർപ്പിക്കുവാനും ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്, കമ്മീഷണർ, ലാൻഡ് റവന്യൂ***)
- 100 ദിന കർമ്മപരിപാടിയിൽ തീർപ്പാക്കാൻ കഴിയുന്ന പദ്ധതികൾ സംബന്ധിച്ച പട്ടിക ലഭ്യമാക്കാത്ത വകുപ്പുകൾ അടിയന്തരമായി ടി പട്ടിക സർക്കാരിൽ സമർപ്പിക്കുവാൻ ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - എല്ലാ വകുപ്പ് തലവന്മാർക്കും***)

**<u>II) ഡിജിറ്റൽ റീസർവ്വെ</u>**

- മൂന്നാം ഘട്ടത്തിൽ ഡിജിറ്റൽ റീസർവ്വെ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 193 വില്ലേജുകളുടെ കരട് ലിസ്റ്റ് ഡയറക്ടർ യോഗത്തിൽ സമർപ്പിച്ചു.
- 29/06/2024-ന് 9(2) പബ്ലിഷ് ചെയ്ത വില്ലേജുകളുടെ എണ്ണം 201 ആകുമെന്ന് ഡയറക്ടർ യോഗത്തെ അറിയിച്ചു.
- കഴിഞ്ഞയാഴ്ച 1062 ഹെക്ടർ ഭൂമി സർവ്വെ ചെയ്തതായും ഒന്നാം ഘട്ടത്തിൽ 1.4 ഹെക്ടറും രണ്ടാം ഘട്ടത്തിൽ 1.17 ഹെക്ടറും outturn ഉള്ളതായും ഡയറക്ടർ

യോഗത്തെ അറിയിച്ചു.

- രണ്ടാം ഘട്ടത്തിലെ **200** വില്ലേജുകളിൽ **150** വില്ലേജുകൾ സർവ്വെ നടപടികൾ ആരംഭിക്കുവാൻ തയ്യാറായതായും ഡയറക്ടർ യോഗത്തെ അറിയിച്ചു.
- **Location Sketch**-ന്റെ **feedback, Automation**-ന്റെ **Approval** എന്നിവ ലഭ്യമാകാനുണ്ടെന്ന് ഡയറക്ടർ യോഗത്തെ അറിയിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)
- റവന്യു വകുപ്പുമായി ബന്ധപ്പെട്ട നിയമസഭ സബ്ജക്ട് കമ്മിറ്റി, ഡിജിറ്റൽ റീസർവ്വെ നടക്കുന്ന ഒരു വില്ലേജിൽ നടപടിക്രമങ്ങൾ പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി ബഹു.മന്ത്രി യോഗത്തെ അറിയിച്ചു. ആയതിലേയ്ക്കായി നിലവിൽ ഏറ്റവും നല്ലതായി ബോധ്യപ്പെടുത്തുവാൻ സാധിക്കുന്ന ഒരു ജില്ലയിലെ രണ്ട് വില്ലേജുകൾ തെരഞ്ഞെടുക്കുവാനും ജൂലൈ മാസത്തിൽ പരിശോധന നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാനും ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്***)

**III) <u>പുതുതായി ആരംഭിച്ച രണ്ട് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളുടെ പ്രവർത്തന പുരോഗതി</u>**

- എറണാകുളം ജില്ലയിലെ കോതമംഗലം സ്പെഷ്യൽ ഭൂമി പതിവ് ഓഫീസിൽ സർവ്വെ നടപടികൾ, പട്ടയം തയ്യാറാക്കുന്നതിനുള്ള നടപടികൾ എന്നിവ പുരോഗമിക്കുന്നതായും നിലവിൽ **4000**-ഓളം അപേക്ഷകൾ ലഭ്യമായിട്ടുള്ളതായും ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ യോഗത്തെ അറിയിച്ചു.
- കിട്ടിയ അപേക്ഷകളിൽ, പട്ടയമേളയിൽ ഉൾപ്പെടുത്തി **1000** പട്ടയങ്ങൾ നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)
- കോട്ടയം ജില്ലയിലെ മുണ്ടക്കയം സ്പെഷ്യൽ ഭൂമി പതിവ് ഓഫീസിൽ പട്ടയം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഫീൽഡ് സർവ്വെ നടപടികൾ നടന്നുവരുന്നതായും **30** അപേക്ഷകളിൽ സർവ്വെ നടപടികൾ പൂർത്തീകരിച്ചതായും നിലവിൽ **7095**-ഓളം അപേക്ഷകൾ ലഭ്യമായിട്ടുള്ളതായും ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ യോഗത്തെ അറിയിച്ചു.
- എറണാകുളം ജില്ലയിലെ കോതമംഗലം സ്പെഷ്യൽ ഭൂമി പതിവ് ഓഫീസിലേയും, കോട്ടയം ജില്ലയിലെ മുണ്ടക്കയം സ്പെഷ്യൽ ഭൂമി പതിവ് ഓഫീസിലേയും ജീവനക്കാരുടെ ഒരു യോഗം ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേരുവാൻ യോഗം തീരുമാനിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)

**<u>IV) പത്തനംതിട്ട ജില്ലയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുരോഗതി സംബന്ധിച്ച്.</u>**

പത്തനംതിട്ട ജില്ലയിലെ പട്ടയ പ്രശ്നങ്ങളിൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി വിവരം ജോയിന്റ് കമ്മീഷണർ യോഗത്തിൽ അവതരിപ്പിച്ചു.

- <u>റാന്നി താലൂക്കിലെ വലിയകുളം 4 സെന്റ് കോളനി</u>യിൽ **9** പേർക്ക് പട്ടയ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.
- <u>മുക്കുഴി വടശ്ശേരിക്കര</u> :- **60** കൈവശക്കാരിൽ **5** പേർക്ക് റീസർവ്വെ

അപാകതയായി പരിഗണിച്ചു കരം അടവ് നടപടി സ്വീകരിച്ചു. ശേഷിക്കുന്ന 55 പേർക്ക് പട്ടയം നൽകുന്നതിലേയ്ക്കായി മുൻകൈവശക്കാരുടെ പട്ടയം റദ്ദ് ചെയ്യുന്നതിന് മുൻ പട്ടയകക്ഷിക്ക് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്.

- <u>പെരുനാട് കണ്ണനുമൺ</u> :- 13 പട്ടയങ്ങൾ വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്
- <u>കൊല്ലമുള വില്ലേജിലെ പരുവ സെറ്റിൽമെന്റ്</u> :- ആദിവാസികൾക്ക് വിതരണം ചെയ്ത 40 ഹെക്ടർ ഭൂമി ആദിവാസികളിൽ നിന്നും കൈമാറി ഇതര വിഭാഗക്കാർക്ക് കിട്ടിയിട്ടുള്ളതായും മറ്റ് വിഭാഗത്തിൽ ഉൾപ്പെടെ രേഖകൾ ഇല്ലാത്ത 240 പേർക്ക് 1986-ന് മുൻപ് കൈവശം കിട്ടിയത് സംബന്ധിച്ച തെളിവുകൾ ലഭ്യമല്ലാത്തതിനാൽ ടി സ്ഥലത്ത് നടപടി പൂർത്തീകരിക്കുന്നതിന് സർക്കാർ അനുമതിക്കായുള്ള ശിപാർശ ഉടൻ സമർപ്പിക്കുന്നതാണ്.
- <u>കൊല്ലമുള വില്ലേജിലെ കക്കുടുക്ക</u> :- പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്ത 10 ഹെക്ടർ ഭൂമിയിലുള്ള 8 ആദിവാസി കുടുംബങ്ങൾക്ക് ROR നൽകിയിട്ടുള്ളതാണ്.
- <u>കൊല്ലമുള വില്ലേജിലെ എയ്ഞ്ചൽവാലി (പമ്പാവാലി)</u> :- പുഴപുറമ്പോക്കിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ സർക്കാർ ഉത്തരവിനായി ശിപാർശ സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- <u>കൊല്ലമുള വെച്ചൂച്ചിറ Ex-Servicemen കോളനി പട്ടയം</u> :- കൂടുതൽ സർവ്വെ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സർവ്വെ ചെയ്ത് സർവ്വെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി പട്ടയ പ്രശ്നം പരിഹരിക്കുന്നതാണ്.
- <u>ചേത്തയ്ക്കൽ വില്ലേജിലെ അരയൻപാറ (West Cost Industries) മിച്ചഭൂമി</u> :- അരയൻപാറ എസ്റ്റേറ്റിന്റെ മിച്ചഭൂമി പ്രദേശത്തെ സർവ്വെ സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും ഡിജിറ്റൽ സർവ്വെയിൽ ഉൾപ്പെടുത്തി കൈവശം തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കി വരുന്നു.
- <u>മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ പൊന്തൻപുഴ വലിയകാവ് പ്രശ്നം</u> :- ഡിജിറ്റൽ സർവ്വെ കഴിയുമ്പോൾ വില്ലേജ് അതിർത്തി മനസ്സിലാക്കുവാൻ സാധിക്കുമെന്നതിനാൽ വനഭൂമിയുമായി ബന്ധപ്പെടാത്ത പട്ടയപ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും.
- <u>കോന്നി താലൂക്കിലെ ഗ്രോ മോർ ഫുഡ് പ്രദേശത്തെ പട്ടയ പ്രശ്നം</u> :- കോന്നി താലൂക്കിൽ 339.1659 ഹെക്ടർ വനഭൂമി ഡിസ്-റീസർവ്വ് ചെയ്തുകൊണ്ടുള്ള ഉത്തരവ് പരിശോധിച്ച് സർവ്വെ നടപടികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.
- <u>റാന്നി താലൂക്കിൽ അക്കിത്തം വില്ലേജിലെ പട്ടയ പ്രശ്നം</u> :- ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് വനം വകുപ്പ് എതിർപ്പ് ഉന്നയിക്കാത്ത കേസുകളിൽ പട്ടയം അനുവദിക്കാവുന്നതാണ്.
- <u>വലിയ പതാൽ (ചേത്തയക്കൽ)</u> :- കൈവശക്കാരായ 56 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയം അനുവദിക്കുന്നതിനും മറ്റ് കൈവശങ്ങളുടെ അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.
- **പത്തനംതിട്ട ജില്ലയിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പെരുമ്പട്ടി, അങ്ങാടി, അത്തിക്കയം, മണിമല എന്നീ വില്ലേജുകളിലെ ഡിജിറ്റൽ റീസർവ്വെ നടപടികൾ വേഗത്തിലാക്കണമെന്ന് ബഹു.മന്ത്രി നിർദ്ദേശിച്ചു.** ***(നടപടി - ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്)***
- **സംസ്ഥാനത്ത് പട്ടയപ്രശ്നങ്ങൾ നിലനിൽക്കുന്ന വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ നടത്തുന്നത് സംബന്ധിച്ചും വനം വകുപ്പുമായി ബന്ധപ്പെട്ട ഭൂമി തർക്ക വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ**

**അദ്ധ്യക്ഷതയിൽ എല്ലാ ജില്ലാ കളക്ടർമാരെയും ഉൾപ്പെടുത്തി ഒരു യോഗം ചേരുവാൻ തീരുമാനിച്ചു. (*നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ*)**

**<u>V) വനഭൂമി പട്ടയത്തിലെ വിവരശേഖരണത്തിന്റെ തുടർനടപടി സംബന്ധിച്ച് :-</u>**

- വനഭൂമി പട്ടയത്തിലെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള Data Entry വരുന്ന ആഴ്ചയിൽ ആരംഭിക്കുമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ യോഗത്തെ അറിയിച്ചു.
- വനഭൂമി പട്ടയങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകൾ വീണ്ടും സ്വീകരിക്കുന്ന നടപടി ജൂലൈ 10 മുതൽ 25 വരെ കൂടി നടത്തുവാനും ഇത് സംബന്ധിച്ച ഒരു പ്രചാരണം നടത്തണമെന്നും ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)

**<u>VI) OA/Typist പുനർവിന്യാസം</u>**

- വിവിധ റവന്യൂ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ട OA/Typist ജീവനക്കാരുടെ എണ്ണവും ഇതുവരെ പുനർവിന്യസിച്ച ജീവനക്കാരുടെ എണ്ണവും ലാൻഡ് റവന്യൂ കമ്മീഷണർ യോഗത്തിൽ അവതരിപ്പിച്ചു. പുനർവിന്യസിക്കേണ്ട 779 OA-മാരിൽ 105 പേരെയും 243 Typist-മാരിൽ 73 പേരെയും പുനർവിന്യസിച്ചതായി ലാൻഡ് റവന്യൂ കമ്മീഷണർ യോഗത്തെ അറിയിച്ചു.
- മേൽ വിഷയം സംബന്ധിച്ച് ADM-മാരുടെ ഒരു യോഗം അടിയന്തരമായി വിളിച്ചു ചേർക്കുവാനും തുടർനടപടികൾ അതിവേഗത്തിൽ സ്വീകരിക്കുവാനും ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)

**<u>VII) അനധികൃതമായി നികത്തപ്പെട്ട നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നത് സംബന്ധിച്ച്</u>**

- അനധികൃതമായി നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തന്നെ മണ്ണ് മാറ്റി പൂർവ്വസ്ഥിതിയിലാക്കുകയും പിന്നീട് ആരാണ് ഭൂമി നികത്തിയത് അവരിൽ നിന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ ആ തുക തിരിച്ചു പിടിക്കുകയും ഇതിന്റെ ആവശ്യത്തിനായുള്ള 2 കോടി രൂപ സംബന്ധിച്ച ശിപാർശ അടിയന്തരമായി സമർപ്പിക്കുവാനും ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)
- മണ്ണ് മാറ്റുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഒരു ശിപാർശ സമർപ്പിക്കുവാൻ ബഹു.മന്ത്രി നിർദ്ദേശിച്ചു. (***നടപടി - കമ്മീഷണർ, ലാൻഡ് റവന്യൂ***)

യോഗം 2.25 PM-ന് അവസാനിച്ചു.

**K RAJAN**

**MINISTER**

| **ജില്ല** | **വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ച കേസുകൾ** | **പൂർവ്വസ്ഥിതിയിലാക്കേണ്ട ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|---|
| തിരുവനന്തപുരം | 31 | 238.2807 |
| കൊല്ലം | 278 | 15.1511 |
| പത്തനംതിട്ട | 59 | 5.4931 |
| ആലപ്പുഴ | 238 | 78.0000 |
| കോട്ടയം | 96 | 29.1571 |
| ഇടുക്കി | 25 | 5.6087 |
| എറണാകുളം | 46 | 12.521 |
| തൃശ്ശൂർ | 90 | 18.28247 |
| പാലക്കാട് | 23 | 3.8953 |
| മലപ്പുറം | 171 | 15.2223 |
| കോഴിക്കോട് | 87 | 7.02 |
| വയനാട് | 51 | 10.7565 |
| കണ്ണൂർ | 17 | 1.2962 |
| കാസർഗോഡ് | 6 | 0.2347 |
| **ആകെ** | **1218** | **440.91917** |